**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5104** **11-08-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ മെക്കാനിക്കൽ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിവിധ തദ്ദേശസ്ഥാപനങ്ങളിൽ വാഹന ഇലക്ട്രിക്കൽ പ്രവൃത്തികൾ പൊതുമരാമത്ത് വിഭാത്തിന് കൈമാറി ചെയ്യുന്നതിനാൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജില്ലാകേന്ദ്രങ്ങളിൽ സ്ഥിതിചെയ്യുന്ന പൊതുമരാമത്ത് - ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗങ്ങളുടെ വളരെ പരിമിതമായ ജീവനക്കാരെ വെച്ച് മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലെയും പ്രവൃർത്തികൾ നിർവഹിക്കുന്നത് പ്രയാസകരമാണ് എന്ന വസ്തുത ബോധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 22/09/15 ലെ സ.ഉ.(സാധാ) നം.2878/15/ തസ്വഭവ,08/02/19-ലെ സ,ഉ സാധാ) നം.267/19/ തസ്വഭവ ഉത്തരവുകൾ പ്രകാരം, തദ്ദേശ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് പി.ഡബ്ല്യൂഡി., കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവരിൽ നിന്നും പാനൽ തയ്യാറാക്കി ജില്ലാ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയും കോർപ്പറേഷൻ തലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനർ ആയുമുള്ള കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ മെക്കാനിക്കൽ വിഭാഗം ഇല്ലാത്ത സാഹചര്യത്തിൽ മെക്കാനിക്കൽ പ്രവൃത്തികൾ പി.ഡബ്ല്യൂഡി. മെക്കാനിക്കൽ വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തി നിർവ്വഹിക്കാനേ നിലവിൽ കഴിയുകയുള്ളൂ. |
| (സി) | ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഫയലുകൾ തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം കൈകാര്യം ചെയ്ത് തീരുമാനം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ തീരുമാനമെടുക്കാനുള്ള അധികാരം എഞ്ചിനീയറിംഗ് വിഭാഗത്തിനുണ്ടോ എന്ന് വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ? | (സി) | മേൽ ഉത്തരവുകൾ പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റികളാണ് തദ്ദേശസ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് അധികാരപ്പെട്ടിട്ടുള്ളത്. മെക്കാനിക്കൽ പ്രവൃത്തികൾ പി.ഡബ്ല്യൂഡി. മെക്കാനിക്കൽ വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തിയാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ